# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെക്യാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി7/263/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 07/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചെക്യാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി7/263/2023 തീയ്യതി: 07/03/2023

## കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 08-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.പി രത്തസിംഗ് | ഡെപ്യൂട്ടി ഡയരക്ടർ | 09-02-2023 | 20-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-02-2023 | 20-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ജയകുമാർ പാലോളി ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ. ദേവാനന്ദ് ടി,സീനിയർ ഗ്രേ.ഓഡിറ്റർ,
ശ്രീ. വിജേഷ് കെ.കെ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നസീമ | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| കൊട്ടാരത്ത് | | | |
| ശ്രീ. സുനിൽകുമാർ പി.ടി | സെക്രട്ടറി | 01-04-2021 | 14-10-2021 |
| ശ്രീമതി നിഷ പി.വി | സെക്രട്ടറി | 15-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വി രാജീവൻ | അസി.സെക്രട്ടറി | 01-04-2021 | 01-08-2021 |
| സലിം കെ.എം | അസി.സെക്രട്ടറി | 02-08-2021 | 30-10-2021 |
| രേഖ ടി സോമൻ | അസി.സെക്രട്ടറി | 31-10-2021 | 12-01-2022 |
| ബാബുരാജ് കെ.പി | അസി.സെക്രട്ടറി | 13-01-2022 | 31-03-2022 |
| ഹരിത ടി.ആർ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ. സാരഥി | വെറ്ററിനറി സർജൻ | 01-04-2021 | 31-08-2021 |
| ഡോ. അഖിൽലാൽ സി.എസ് | വെറ്ററിനറി സർജൻ | 01-09-2021 | 30-09-2021 |
| ഡോ. അഖിൽ കെ | വെറ്ററിനറി സർജൻ | 01-10-2021 | 31-03-2022 |
| ഡോ.അനിൽകുമാർ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| നിഷ പി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| രഞ്ജിത് പി.കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| അഖില അശോകൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ദിനേശൻ പി | ഹെഡ്മാസ്റ്റർ | 01-04-2021 | 08-03-2022 |
| റീന എ.എം | ഹെഡ്മിസ്ട്രസ് | 09-03-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് - അപാകതകൾ | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 9 | വസ്തു നികുതി കണക്കാക്കിയതിൽ അപാകത – നികുതിയിനത്തിൽ നഷ്ടം | 1-7 |
| 10 | തൊഴിൽ നികുതി അപാകതകൾ | 1-8 |
| 11 | അഡ്വാൻസ് ക്രമീകരിക്കാതെ അവശേഷിക്കുന്നു. | 1-9 |
| 12 | കുടുംബാരോഗ്യകേന്ദ്രം സോളാർ പാനൽസ്ഥാപിക്കൽ - കംപ്ളീഷൻ സർട്ടിഫിക്കറ്റ് ,അർഹമായ ഇൻസെന്റീവ് എന്നിവ ലഭ്യമല്ല | 1-10 |
| 13 | മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്യു പദ്ധതികളിൽ മരുന്നുകളും ഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു. | 1-11 |
| 14 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയില്ല. | 1-12 |
| 15 | വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല. | 1-13 |
| 16 | മത്സ്യമേഖലയിൽ പദ്ധതി നടപ്പാക്കിയില്ല. | 1-14 |
| 17 | മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തിരികെ നൽകി | 1-15 |
| 18 | പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കാതെ വെള്ളക്കരം അടവാക്കി | 1-16 |
| 19 | പൊതുമരാമത്ത് പ്രവൃത്തികൾ - എസ്റ്റിമേറ്റുകൾ നിർവ്വഹണഘട്ടത്തിൽ റിവൈസ് ചെയ്യപ്പെടുന്നു | 1-17 |
| 20 | ജൽജീവൻ പദ്ധതി - പൈപ്പിടാൻ പൊളിച്ച റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നില്ല | 1-18 |
| 21 | എം.സി.എഫ് പ്രവർത്തനമാരംഭിക്കാത്തതിനാൽ ഹരിത കർമ്മസേന പ്രവർത്തനം കാര്യക്ഷമമാവുന്നില്ല. | 1-19 |
| 22 | എൻ ആർ ഇ ജി എസ്-അളവുപുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-20 |
| 23 | തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചതിലെ അപാകതകൾ | 1-21 |
| 24 | ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച | 1-22 |

| | | |
|---|---|---|
| ഭാഗം **2** | | |
| 1 | വസ്തു നികുതി കണക്കാക്കിയതിൽ അപാകത – നികുതിയിനത്തിൽ നഷ്ടം | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ്/സർചാർജ് ിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ് - അപാകതകൾ

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 05-02-2021 ലെ 32/21-ാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 11-03-2022 ലെ 34/22-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

ഇത് കൂടാതെ 2022-23 ലെ ബജറ്റ് അംഗീകരിച്ചപ്പോഴും (11/03/22 തീയതിയിലെ 46/22 നമ്പർ തീരുമാന പ്രകാരം) 2021-22 ലെ ബജറ്റിൽ മുന്നിരിപ്പിൽ വ്യത്യാസമുണ്ടായിട്ടുണ്ട്. 34/22-ാം നമ്പർ തീരുമാന പ്രകാരമുള്ള പുതുക്കിയ ബജറ്റിൽ മുന്നിരിപ്പ് 14358169/-രൂപയും 46/22-ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റിൽ മുന്നിരിപ്പ് 11509811/-രൂപയുമാണ് കാണിച്ചിരിക്കുന്നത്. 2021-22 വർഷ ബജറ്റിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിയേതര ചെലവുകളുടെത് ഉൾപ്പടെയുള്ള ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിന്റെ വർക്ക്ഷീറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

യഥാർത്ഥ ബജറ്റും പരിഷ്കരിച്ച ബജറ്റും യഥാർത്ഥ വരവ് ചെലവുമായി വലിയ അന്തരം നിലനിൽക്കുന്നു.

| ഇനം | 05-02-2021 ലെ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് | 11-03-2022 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് | യഥാർത്ഥ വരവ് ചെലവ് (2021-22 റസീറ്റ് &പെയ്മെന്റ് പ്രകാരം) |
|---|---|---|---|
| മുന്നിരിപ്പ് | 9762577 | 14358169 | 19539678.97 |
| വരവ് | 330308630 | 209516455 | 74135202 |
| ആകെ | 340071207 | 223874624 | 93674881 |
| ചെലവ് | 333878130 | 217619750 | 74742969 |
| നീക്കിയിരിപ്പ് | 6193077 | 6254874 | 18931911.97 |

05-02-2021 ലെ ബജറ്റിലെ മുന്നിരിപ്പായി കാണിച്ച തുകയുടെ ഇരട്ടി തുക യഥാർത്ഥ (റസീറ്റ് &പെയ്മെന്റ് പ്രകാരം) മുന്നിരിപ്പായി 2021-22 വർഷം വന്നിട്ടുണ്ട്. അതുപോലെ യഥാർത്ഥ വരവും ചെലവും ബജറ്റിലെ വരവിന്റെ നാലിൽ ഒന്ന് മാത്രമാണുള്ളത്. പുതുക്കിയ ബജറ്റിലും വരവ്/ചെലവിൽ വലിയ മാറ്റം വരുത്തിയിട്ടില്ല. ഇപ്രകാരം യഥാർത്ഥ വരവ് ചെലവുമായി വലിയ രീതിയിൽ വ്യത്യാസത്തിൽ ബജറ്റ് തയ്യാറാക്കുന്നതും സാമ്പത്തിക വർഷ അവസാനം ബജറ്റ് പുതുക്കിയപ്പോൾ ഈ അന്തരം ക്രമീകരക്കാത്തതും ശരിയായ നടപടിയല്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

4.ജെൻഡർ ബജറ്റ്

എന്നാൽ 2021-2022 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല. ബജറ്റ് രൂപീകരണത്തിലുണ്ടായ മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 05.05.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-4 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രൊജക്ടുകൾക്ക് ചെലവഴിക്കാൻ തുക നീക്കിയിരിപ്പില്ല. എന്നാൽ ബാലൻസ് ഷീറ്റിലെ B-17 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായുള്ള ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 13447/-രൂപ നീക്കിയിരിപ്പായി കാണുന്നു.

3) വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-14പ്രകാരം ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം 25455/-രൂപയാണ്. എന്നാൽ ഇത് വ്യക്തമാക്കുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി തയ്യാറാക്കിയിട്ടില്ല.

4) വസ്തുനികുതി ഇ-പെയ്മെന്റ് സംവിധാനം ഉപയോഗിച്ച് നികുതി അടവാക്കുന്ന മുഴുവൻ നികുതികളും യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നില്ല.

5) ടെണ്ടർ ഫോം സെയിൽ ഇനത്തിൽ 70118/-രൂപ വരവുണ്ട്. ഇതിന് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

6) അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19539678.97 |
| വരവ് | 74135202 |
| ആകെ | 93674880.97 |
| ചെലവ് | 74742970 |
| നീക്കിയിരിപ്പ് | 18931911.97 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്തതുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 14235352 | 14235352 | 13995532 | 239820 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട്(എസ്.സി.പി) | 0 | 760000 | 760000 | 687000 | 73000 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 613434 | 613434 | 564334 | 49100 |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 3110753 | 3110753 | 1301714 | 1809039 |
| വികസന ഫണ്ട് -സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക് മുഖേന | 0 | 4329000 | 4329000 | 1768619 | 2560381 |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 2940880 | 2940880 | 2730670 | 210210 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 22472000 | 22472000 | 19408921 | 3063079 |
| മെയിന്റനൻസ്, നോൺ – റോഡ് | - | 4966139 | 4966139 | 4181669 | 784470 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 13481.43 | 652570 | 666051 | 637910 | 28141.43 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | - | 68920005 | 68920005 | 68920005 | - |
| സാക്ഷരത | 2428.01 | 68 | 2496.01 | 0 | 2496.01 |
| എം.പി.ഫണ്ട് | 3771179 | - | 3771179 | 832036 | 2939143 |
| ഐ.സി.ഡി.എസ് | 678323 | 1054057 | 1732380 | 1345265 | 387115 |

### 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ

പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), മെയിന്റനൻസ് ഫണ്ട്(റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ വകയിരുത്തിയ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 69528284 | 17146468 |
| വികസനഫണ്ട് (എസ്.സി.പി) | 2833000 | 833000 |
| വികസനഫണ്ട് (ടി.എസ്.പി) | 1310066 | 691866 |
| മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) | 8216139 | 4966139 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി),വികസനഫണ്ട് (ടി.എസ്.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) എന്നീ ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

തൻവർഷം 163 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 141 പ്രൊജക്ടുകൾ നടപ്പിലാക്കി. 22 പ്രൊജക്ടുകൾക്ക് ചെലവില്ല. ആകെ 151679236 രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയതിൽ 58093387 രൂപയാണ് ചെലവഴിച്ചത് . വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 14235352 | 14235352 | 13995532 | 239820 | 98.32 |

| | | | | | | |
|---|---|---|---|---|---|---|
| (ജനറൽ) | | | | | | |
| വികസന ഫണ്ട് (എസ്.എസ്.പി) | 0 | 760000 | 760000 | 687000 | 73000 | 90.39 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 613434 | 613434 | 564334 | 49100 | 91.99 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 3110753 | 3110753 | 1301714 | 1809039 | 41.85 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 2940880 | 2940880 | 2730670 | 210210 | 92.85 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMSമുഖേന | 0 | 4329000 | 4329000 | 1768619 | 2560381 | 40.86 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 22472000 | 22472000 | 19408921 | 3063079 | 15.78 |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 4966139 | 4966139 | 4181669 | 784470 | 84.2 |
| ആകെ | 0 | 53427558 | 53427558 | 44638459 | 8789099 | 83.55 |

ഫിഷറീസ് ഇൻസ്പെക്ടർ , ഹെഡ്മാസ്റ്റർ എന്നിവർ പദ്ധതി തയ്യാറാക്കിയില്ല

ഫിഷറീസ് മേഖലയിൽ തൻവർഷവും പദ്ധതി നടപ്പാക്കിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല. സർക്കാർ പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് പരിഹരിക്കുന്നതിന് പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കാത്തതു സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും തൻവർഷവും അപാകതകൾ പരിഹരിച്ചിട്ടില്ല.

തൻവർഷം പദ്ധതി വിഹിതമായി ലഭിച്ച തുകയിൽ 83.55 ശതമാനം ചെലവഴിച്ചിട്ടുണ്ട്. എസ്.സി.പി, ടി.എസ്.പി എന്നിവയിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല. വികസനഫണ്ട്, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി മുഖേന), മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ 4209469 രൂപ തൻവർഷം ചെലവഴിക്കാതെ ലാപ്സാക്കിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച നൽകിയിട്ടുണ്ട്. മേൽനോട്ട ചുമതല വഹിക്കേണ്ട ഉദ്യോഗസ്ഥർ ചുമതല നിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. അനധികൃത നിർമാണം സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മുൻകൂർ രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷാ രജിസ്റ്റർ എന്നിവ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ അളവ് പുസ്തകങ്ങൾക്ക് എഞ്ചിനീയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പുഴ പുറമ്പോക്ക് രജിസ്റ്റർ, ഭൂസ്വത്ത് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിക്ക് നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

## 1-7 വസ്തു നികുതി കണക്കാക്കിയതിൽ അപാകത – നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ ചുവടെ കൊടുത്ത കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയപ്പോൾ ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടമായിരുന്നിട്ടും വ്യത്യസ്ത നിരക്കിൽ നികുതി ഈടാക്കിയതിനാൽ നികുതി നഷ്ടം ഉണ്ടായി.

ശ്രീ.മുനീർ, വലിയ കുന്നമ്മൽ എന്നവരുടെ A2/4149/21 നമ്പർ കെട്ടിട നിർമ്മാണ കംപ്ലീഷൻ അപേക്ഷ പ്രകാരം 421.87M2 ഉള്ള വാണിജ്യ കെട്ടിടത്തിന് 14/49 A,B,C,D,Eഎന്നീ കെട്ടിട നമ്പറുകൾ നൽകി വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും 14/A,B,C (ആകെ 169.84M2 ന് )എന്നീ കെട്ടിടങ്ങൾക്ക് 100M2 ന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നിരക്കിലുള്ള (ച.മീറ്ററിന് 60/- രൂപ നിരക്കിൽ) വസ്തു നികുതിയാണ് ഈടാക്കിയത്. എന്നാൽ ബാക്കിയുള്ള 252.03m2 ന് 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നിരക്കിലുള്ള (ച.മീറ്ററിന് 80/- രൂപ നിരക്കിൽ) നികുതിയുമാണ് കണക്കാക്കിയിരിക്കുന്നത്. അതായത് 169.84M2 ന് ച.മീറ്ററിന് 20/-രൂപ കുറവായാണ് ഈടാക്കിയിരിക്കുന്നത്. പ്രഥമ മേഖലയിൽപ്പെടുന്നതും 5 മീറ്ററിൽ അധികം വീതിയുള്ള വഴിയുള്ളതുമായ

കെട്ടിടത്തിന് നികുതി കണക്കാക്കിയതിലെ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

| കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങൾ | കണക്കാക്കിയ നികുതി | യഥാർത്ഥത്തിൽ കണക്കാക്കേണ്ട നികുതി | നികുതി നഷ്ടം |
|---|---|---|---|
| 14/49 A,B,C,D,E വിസ്തീർണ്ണം-169.84M2 പ്രഥമ മേഖല, 5മീറ്റർ റോഡ് | 169.84*60=10190.4/- 20% വർദ്ധന=2038.08/- =12228.48/- = 12229/- LC=612/- | 169.84*80=13587.2/- 20% വർദ്ധന=2717.44/- =16304.64/- =16305/- LC= 816/- | 4076+204(LC) |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കണക്കാക്കിയതിലെ അപാകത പരിഹരിക്കേണ്ടതും നഷ്ട തുക ഈടാക്കി അറിയിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-8 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ ആളുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1) ചെക്യാട് ഗ്രാമപഞ്ചായത്തിൽ അരീക്കരക്കുന്ന് പ്രവർത്തിക്കുന്ന ബി.എസ്.എഫ്- കേന്ദ്രത്തിൽ നിന്നും നാളിതുവരെയായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കുന്നത് സംബന്ധിച്ച് 09-03-2022 ന് B3-1654/22 നമ്പർ കത്ത് പ്രകാരം അരീക്കുന്ന് BSF കമാൻഡന്റിന് അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തൊഴിൽനികുതി അടവാക്കുകയോ തൊഴിൽനികുതി അടവാക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിശദ വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും നാളിതുവരെ ഈടാക്കിയിട്ടില്ല.

2) പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും തൊഴിൽനികുതിയും ലൈസൻസ് ഫീയും ഈടാക്കിയിട്ടില്ല.

3) കെട്ടിടങ്ങളുടെ വാടക വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളിൽ തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

4) 2021-22 വർഷം വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇതിനാൽ 2021-22 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽനികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം FTE&O ലൈസൻസ് രജിസ്റ്റർ പ്രകാരം 317 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിരിക്കുന്നത്. ഇതിൽ 303 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ 2022-23 വർഷം തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 2132 വാണിജ്യ കെട്ടിടങ്ങളാണ് പഞ്ചായത്തിലുള്ളത്. ഈ ലിസ്റ്റിൽ 778 കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്ത് ലൈസൻസ് ആവശ്യമില്ലാത്ത ധനകാര്യ സ്ഥാപനങ്ങൾ 63 കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നതായി കാണുന്നു. കൂടാതെ 498 വാണിജ്യ കെട്ടിടങ്ങളിൽ താമസം എന്നാണ് ട്രേഡേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വാണിജ്യ കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റാതെ താമസാവശ്യത്തിന് ലോഡ്ജിംഗ് ആയി ഉപയോഗിക്കുന്നതായി ഇതിൽ

നിന്നും വ്യക്തമാണ്.(ഇപ്രകാരം വാണിജ്യ കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റി ലോഡ്ജ് ആയി ഉപയോഗിക്കുന്നവ പ്രത്യേകമായി പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.)

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ വരുമാനത്തിനനുസരിച്ചുള്ള തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥമാണ്. ഇതിനാൽ മേൽ പരാമർശിച്ചുൾപ്പെടെ തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-9 അഡ്വാൻസ് ക്രമീകരിക്കാതെ അവശേഷിക്കുന്നു.

പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്ക് ബാലൻസ് ഷീറ്റ് (B-18) എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്ത അഡ്വാൻസുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

1) കെ.എസ്.ഇ.ബി യിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി ചുവടെ കൊടുത്ത പ്രകാരം 2017-18 ൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി നാളിതുവരെ പൂർത്തീകരിച്ച് തുക ചെലവഴിച്ച് വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ അഡ്വാൻസ് രജിസ്റ്ററിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

| സ്ഥാപനം | തീയതി | വൗച്ചർ നം | പ്രോജക്റ്റ് | തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 29-11-17 | 2170145 | 181/17-18 സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | 305580 |
| കെ.എസ്.ഇ.ബി | 31-03-2018 | 41700420 | സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | 178165 |
| കെ.എസ്.ഇ.ബി | 31-03-2018 | 41700420 | സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | 92740 |
| കെ.എസ്.ഇ.ബി | 31-03-2018 | 41700421 | സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | 99996 |
| | | | ആകെ | 676481/- |

ഇത് കൂടാതെ 2021-22 വർഷം 1299640/-രൂപയും സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ എന്ന പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 2017-18 ലെയും 2021-22 ലെയും പദ്ധതികൾ പ്രകാരം സ്ഥാപിച്ച സ്ട്രീറ്റ് മെയിനുകളുടെ വിശദ വിവരം കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

2) 2015-16 ൽ ലിറ്ററസി ഓണറേറിയം ഇനത്തിൽ ഇനത്തിൽ ശ്രീമതി. സവിത.എം.കെ എന്നവർക്ക് നൽകിയ 41320/-രൂപ നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

3) ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 16-11-2020 മുതൽ 19-11-2020 വരെയുള്ള തീയതികളിലായി

ഡെപ്പോസിറ്റ് ഈടാക്കിയ 45000/-രൂപ നാളിതുവരെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ക്രമീകരിച്ച് വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-10 കുടുംബാരോഗ്യകേന്ദ്രം സോളാർ പാനൽസ്ഥാപിക്കൽ - കംപ്ളീഷൻ സർട്ടിഫിക്കറ്റ് ,അർഹമായ ഇൻസെന്റീവ് എന്നിവ ലഭ്യമല്ല

പ്രോജക്ട് നം-68/21-22

അടങ്കൽ -200000

ചെലവ് -200000

കുടുംബാരോഗ്യകേന്ദ്രത്തിൽ ശൃംഖലാബന്ധിത സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള പഠന റിപ്പോർട്ട് പ്രകാരം വൈദ്യുത നിലയം സ്ഥാപിക്കുന്നതുവഴി പ്രതിമാസം നിശ്ചിത യൂണിറ്റ് വൈദ്യുതി ലാഭിക്കുവാനും അതുവഴി വൈദ്യുത ബില്ലിൽ നല്ലൊരു ശതമാനം കുറവ് വരുത്താനും സാധിക്കുന്നതാണ് . പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അനർട്ടിന്റെ 7/02/2022 ലെ നം-10/SPV-GEN/ANERT /KKD/2021-22 ഇൻവോയ്സ് പ്രകാരം 3 KW സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനായി 200000 രൂപ അനർട്ട് ഡിസ്ട്രിക്ട് എഞ്ചിനീയർ കോഴിക്കോടിന് കൈമാറിയിട്ടുണ്ട്. 17.02.2023 സ്ഥലപരിശോധനയുടെ ഭാഗമായി എഫ്.എച്ച്.സി സന്ദർശിച്ചതിൽ സോളാർ പാനൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചതായി കാണാൻ കഴിഞ്ഞു. പദ്ധതി നിർവ്വഹണം സംബന്ധിച്ച അനർട്ടിന്റെ കംപ്ലീഷൻ റിപ്പോർട്ട്, പദ്ധതി സ്ഥാപിച്ചതു വഴി വൈദ്യുതബില്ലിൽ വന്ന കുറവ് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും കേന്ദ്ര നവീകരണ മന്ത്രാലയത്തിന്റെ സർക്കാർ സ്ഥാപനങ്ങൾക്കായുള്ള ഇൻസെന്റീവ് സ്കീമിൽ അനുമതി ലഭിക്കുന്നപക്ഷം അനുവദനീയമായ ഇൻസെന്റീവ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11 മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതികളിൽ മരുന്നുകളും ഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ ഭാഗമായി ഹോമിയോ ആശുപത്രി, ആയുർവേദ ആശുപത്രി, പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി എന്നിവയ്ക്കാവശ്യമായ മരുന്നവാങ്ങുന്നതിനായി അഡ്വാൻസായി അടവാക്കിയ തുകകളിൽ താഴെ പറയും പ്രകാരം തുകയുടെ മരുന്നുകൾ നാളിതുവരെയായും ലഭിച്ചിട്ടില്ല.

| പ്രോജക്ടിന്റെ പേര് | പെർഫോർമാ ഇൻവോയ്സ് നമ്പർ | ട്രഷറി ബിൽ നമ്പർ | അഡ്വാൻസ് നൽകിയ തുക | ലഭിക്കാനുള്ള മരുന്നുകൾ |
|---|---|---|---|---|
| പെയിൻ ആന്റ് പാലിയേറ്റീവ് പ്രോജക്ട് 50/21-22 | PRF-3644/29.11.21 (കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പേഷൻ) | 97/ 28-12-21 | 199996 | 13942 |

| | | | | |
|---|---|---|---|---|
| | PRF-5738/15.02.22 കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പേഷൻ) | 189/ 21-02-22 | 300000 | 17580 |
| ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ 56/21-22 | 145284/18.11.21 (ഔഷധി) | 82/1-12-21 | 300000 | 2573 |
| | PF-1232/22.12.22 (കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്) | 131/27-01-22 | 200000 | 41044 |
| ആകെ | | | | 75139 |

പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കും ആവശ്യമായ മരുന്നുകൾക്കും ഉപകരണങ്ങൾക്കുമായി അഡ്വാൻസായി തുക നൽകി ഒരു വർഷം കഴിഞ്ഞിട്ടും ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭിക്കാത്തത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം പൂർത്തിയാക്കുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതും അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ചെലവ് തുക 75139 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-12 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയില്ല.

ഓഡിറ്റ് വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി മൂന്ന് പദ്ധതികൾ മാത്രമാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 33 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 150000 | 149400 |
| 7 | അങ്കണവാടി അനുപൂരകപോഷകാഹാര പരിപാടി | 4990000 | 4196347 |
| 14 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1319000 | 1318500 |

മേഖലയെ സംബന്ധിച്ച 2021-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ പ്രകാരം ആകെ 26 അങ്കണവാടികളാണ് പഞ്ചായത്തിൽ ഉള്ളത്, ഇവയിൽ 16 എണ്ണം സ്വന്തം കെട്ടിടത്തിലും 10 എണ്ണം വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിച്ച് വരുന്നത്. ഇവയിൽ 3 എണ്ണത്തിൽ മാത്രമാണ് കുടിവെള്ള

സൗകര്യം ഉള്ളത്. ബാക്കി 23 എണ്ണത്തിന് കുടിവെള്ള സൗകര്യം ലഭ്യമല്ല. കൂടാതെ 26 അങ്കണവാടികൾക്കും ആവശ്യത്തിന് ശിശു സൗഹൃദ ഫർണിച്ചറുകൾ ലഭ്യമല്ല. മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പേർട്ടിലെ വിവരങ്ങൾ കാലികമാക്കുകയോ ആയതിന്റെ അടിസ്ഥാനത്തിലോ അല്ല മേഖലയിൽ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താത്തത് സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ടെങ്കിലും ആയവ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികളൊന്നും തന്നെ ഓഡിറ്റ് വർഷവും രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 17-02-23 നടത്തിയ പ്രാദേശിക പരിശോധനയിൽ 77 നമ്പർ അങ്കണവാടി സന്ദർശിച്ചതിൽ അങ്കണവാടിയുടെ പ്ലംബിംഗ് പ്രവൃത്തികൾ വർഷങ്ങൾക്ക് മുൻപ് തന്നെ പൂർത്തീകരിച്ചിട്ടും നാളിതു വരെയായും കുടിവെള്ളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ തന്നെ അങ്കണവാടിയിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ പ്യൂരിഫയർ അടക്കമുള്ള സംവിധാനങ്ങൾ അങ്കണവാടിക്ക് ഉപയോഗപ്പെടാത്ത അവസ്ഥയാണുള്ളത്. കുടിവെള്ളം ലഭ്യമല്ലാത്ത അങ്കണവാടികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അങ്കണവാടികളെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-13 വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല.

വിദ്യാഭ്യാസ മേഖലയിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പദ്ധതികൾ മാത്രമാണ് ഓഡിറ്റ് വർഷം രൂപീകരിച്ചിട്ടുള്ളത്. ഇതിൽ 100000രൂപ അടങ്കലിൽ തയ്യാറാക്കിയ സാക്ഷരത പത്താംതരം +1, +2 തുല്ല്യതാ പരീക്ഷ പദ്ധതിയിൽ പഠിതാക്കൾക്കുള്ള രജിസ്ട്രേഷൻ ഫീസ് , പരീക്ഷാഫീസ് എന്നിവ അടവാക്കുന്നതിനായി ആകെ 81700 രൂപയാണ് ഓഡിറ്റ് വർഷം നിർവ്വഹണ ഉദ്യോഗസ്ഥ ചെലവഴിച്ചിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ പ്രകാരം പ്രൈമറി മേഖലയിൽ ആകെ നാല് ഗവൺമെന്റ് സ്കൂളുകളും എട്ട് എയ്ഡഡ് സ്കൂളുകളുമാണ് പഞ്ചായത്തിൽ ഉള്ളത്. മേൽ വിദ്യാലയങ്ങളിലായി ആകെ 1935 കുട്ടികൾ പഠിച്ചുവരുന്ന എന്നിരിക്കെയാണ് വിദ്യാഭ്യാസമേഖലയിൽ ഓഡിറ്റ് വർഷം ഒരു പദ്ധതി മാത്രം നടപ്പിലാക്കിയിരിക്കുന്നത്. വിദ്യാഭ്യാസമേഖലയിൽ പദ്ധതി കുറഞ്ഞതിന് പഞ്ചായത്ത് അധികൃതർ നൽകിയ വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥനായ ജി.എൽ.പി.എസ് ചെക്യാട് എച്ച്.എം പോസ്റ്റ് ഒഴിഞ്ഞുകിടന്നിരുന്നതിനാൽ എച്ച് എം ഇൻചാർജ്ജിന് ഡി.ഡി.ഒ കോഡ് അനുവദിക്കുന്നതിൽ വന്ന സാങ്കേതിക തടസ്സങ്ങൾ കാരണമാണ് വിദ്യാഭ്യാ സ മേഖലയിലെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാവതിരുന്നതെന്നാണ്. മുൻ വർഷങ്ങളിലും വിദ്യാഭ്യാസ മേഖലയിലെ പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് പരാമർശിച്ചിരുന്നെങ്കിലും ആയത് നാളിതുവരെയായും പരിഹരിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിൽ മറ്റ് മൂന്ന് ഗവൺമെന്റ് വിദ്യാലയങ്ങൾ ഉണ്ടെന്നിരിക്കെ പ്രസ്തുത സ്കൂളിലെ ഹെഡ്മാസ്റ്റർമാരെ നിർവ്വഹണ ചുമതല ഏൽപ്പിച്ച് പദ്ധതികൾ നിർവ്വഹിക്കാതിരുന്നതെന്തെന്ന് വ്യക്തമല്ല . ആയതിന് വിശദീകരണം നൽകേണ്ടതും തുടർവർഷങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ കാര്യക്ഷമമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-14 മത്സ്യമേഖലയിൽ പദ്ധതി നടപ്പാക്കിയില്ല.

സുഭിക്ഷകേരളം മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷവും മത്സ്യമേഖലയിൽ പദ്ധതികൾ ഒന്നും രൂപീകരിച്ച് നടപ്പാക്കിയിട്ടില്ല . ആയതിന് വിശദീ കരണം നൽകേണ്ടതുമാണ്.

1-15 മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തിരികെ നൽകി

കോവിഡ് - 19 വ്യാപനത്തെ തുടർന്ന് സംജാതമായ സാമ്പത്തിക സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് നീക്കിവയ്ക്കപ്പെട്ട വിഹിതം 2021 ഏപ്രിൽ

മാസം മുതൽ 5 തുല്യ മാസഗഡുക്കളായി തിരികെ നൽകാനാണ് 26.02.2021 ലെ ജി.ഒ (പി) നമ്പർ 43/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നത്. പെൻഷൻ പറ്റിയവർ, മരണപ്പെട്ടവർ, പ്രൊവിഡന്റ് ഫണ്ട് വരിക്കാരല്ലാത്ത ജീവനക്കാർ/അദ്ധ്യാപകർ എന്നിവരുടെ കാര്യത്തിൽ മാത്രമാണ് മാറ്റി വയ്ക്കപ്പെട്ട തുക ഒറ്റത്തവണയായി നൽകുന്നതിന് മേൽ ഉത്തരവ് പ്രകാരം അനുമതിയുണ്ടായിരുന്നത്. എന്നാൽ ചെക്യാട് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മാറ്റിവയ്ക്കപ്പെട്ട ശമ്പളവിഹിതം താഴെ പറയുംപ്രകാരം ഒറ്റത്തവണയായി ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സാംഖ്യാ വൗച്ചർ നമ്പർ/ തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 22100062 തീയതി 20.04.2021 | 3,79,164/- | ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് മാറ്റിവച്ച വിഹിതം |
| 2 | 22100128തീയതി 14.05.2021 | 66,379/- | സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്ന് മാറ്റിവച്ച വിഹിതം |

മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഒറ്റത്തവണയായി ജീവനക്കാർക്ക് തിരികെ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 01/21-22, തീയതി 20.02.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-16 പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കാതെ വെള്ളക്കരം അടവാക്കി

ചെക്യാട് ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി ടാപ്പൊന്നിന് 5,512.50/- രൂപ വാർഷിക നിരക്കിൽ 77 ടാപ്പുകൾക്കായി പ്രതിമാസം 35,375/-രൂപയാണ് കേരള വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത് വന്നിരുന്നത്. അതുപ്രകാരം 2021-22 സാമ്പത്തിക വർഷം 4,24,500/- രൂപ വാട്ടർ അതാറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യതയില്ലാത്തതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം അടവാക്കേണ്ടതാണെന്ന് 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-16 ൽ നിർദ്ദേശിച്ചിരുന്നു. ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ സംയുക്ത പരിശോധനയിൽ ചെക്യാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തനക്ഷമമായ 68 പൊതുടാപ്പുകളാണ് ഉള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ട് (കേരള വാട്ടർ അതോറിറ്റി പുറമേരി പി.എച്ച് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 20.03.2022ലെ AE/P/Public Tap/2021നമ്പർ കത്ത്). എന്നാൽ 2021-22 ലെ മുഴുവൻ മാസങ്ങളിലും ഡിമാന്റ് നോട്ടിസിനെ അടിസ്ഥാനമാക്കി 77 ടാപ്പുകൾക്കുള്ള വെള്ളക്കരം അടവാക്കിയിട്ടുണ്ട്.

സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തീർച്ചപ്പെടുത്താതിരുന്നത് മൂലം 2021-22 ൽ മാത്രം വെള്ളക്കരമായി 49,612.50/- രൂപ അധികം അടവാക്കിയിട്ടുണ്ട് (77-68 =9, 9X 5,512.50 = 49,612.50). അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/2021-22 തീയതി 08.02.2023) മറുപടി ലഭിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതും നാളിതുവരെ അധികം നൽകിയ തുക കണക്കാക്കി ആയത് തുടർന്ന നൽകാനുള്ള വെള്ളക്കരത്തിൽ അഡ്ജസ്റ്റ് ചെയ്ത് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 പൊതുമരാമത്ത് പ്രവൃത്തികൾ - എസ്റ്റിമേറ്റുകൾ നിർവ്വഹണഘട്ടത്തിൽ റിവൈസ് ചെയ്യപ്പെടുന്നു

കൃത്യതയില്ലാതെ എസ്റ്റിമേറ്റുകൾ പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് വർദ്ധിക്കുന്നതിനും പ്രവൃത്തി പൂർത്തീകരണം വൈകുന്നതിനും ഇടയാക്കുമെന്നതിനാൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ വിശദമായ പരിശോധനകൾ നടത്തേണ്ടതും ആവശ്യമായ എല്ലാ വിവരങ്ങളും ശേഖരിച്ച് ഒത്തുനോക്കേണ്ടതുമാണെന്ന് 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ, ഖണ്ഡിക 1402 ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ20/6699 /2018/സി.ഇ/തസ്വഭവ നമ്പർ പരിപത്രത്തിലൂടെ സർക്കാർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെക്യാട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ പല പ്രവത്തികളുടെയും എസ്റ്റിമേറ്റ് നിർവ്വഹണ സമയത്ത് അടങ്കൽ തുകയിൽ മാറ്റം വരുത്താതെ റിവൈസ് ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായ പരിശോധനകൾ നടക്കുന്നില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത ഏതാനും പ്രവൃത്തികൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|
| 1 | 13/21-22, ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം | 1000000 |
| 2 | 129/21-22, അത്തൂട്ടിക്കനി- പെരിന്തോൾ മുക്ക് റോഡ് | 9000000 |
| 3 | 135/21-22, അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനം | 499000 |
| 4 | 156/21-22, അങ്കണവാടി ഒന്നാം നില നിർമ്മാണം | 500000 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/2021-22 തീയതി 20.02.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൃത്യതയാർന്ന എസ്റ്റിമേറ്റുകളാണ് തയ്യാറാക്കപ്പെടുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-18 ജൽജീവൻ പദ്ധതി - പൈപ്പിടാൻ പൊളിച്ച റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നില്ല

ചെക്യാട് ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ചിട്ടുള്ള പല റോഡുകളും പ്രവൃത്തി പൂർത്തിയായതിന് ശേഷവും പൂർവ്വസ്ഥിതിയിലാക്കിയിട്ടില്ല. 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വലിയ തുക ചെലവഴിച്ച് നിർമ്മിച്ച റോഡുകൾ പോലും പൈപ്പ് ലൈൻ സ്ഥാപിക്കലിന്റെ ഭാഗമായി തകർന്ന് കിടക്കുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം 130/21-22 നമ്പർ പ്രൊജക്റ്റ് പ്രകാരം 6,94,025/-രൂപ ചെലവഴിച്ച് 270 മീറ്റർ നീളത്തിൽ നിർമ്മിച്ച കൊള്ളിയുള്ളതിൽ മുക്ക്- വേങ്ങക്കാട്ടിൽ റോഡിന്റെ ഏകദേശം 200 മീറ്ററോളം ദൂരം ഭാഗികമായും, ശേഷിക്കുന്ന 70 മീറ്ററോളം ദൂരം പൂർണ്ണമായും പൈപ്പിടലിനെ തുടർന്ന് തകർന്നു കിടക്കുന്നതായി 17.02.2023 ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി.

ജൽജീവൻ പദ്ധതി പ്രവൃത്തികളുടെ ഭാഗമായി തകർന്ന റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/2021-22 തീയതി 20.02.2023) മറുപടി ലഭിച്ചിട്ടില്ല. റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 എം.സി.എഫ് പ്രവർത്തനമാരംഭിക്കാത്തതിനാൽ ഹരിത കർമ്മസേന പ്രവർത്തനം കാര്യക്ഷമമാവുന്നില്ല.

ഓഡിറ്റ് വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി മാലിന്യ പരിപാലന പദ്ധതികൾക്കായി താഴെപറയും പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്

| പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 157/21-22 ബോട്ടിൽ ബൂത്ത്/ മിനിഎംസിഎഫ് സ്ഥാപിക്കൽ | 741504 | 128460 |
| 154/21-22 ഹരിത കർമ്മസേനക്ക് സുരക്ഷാഉപകരണങ്ങൾ വാങ്ങൽ | 250000 | 207429 |
| 175/21-22 ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ്ഫണ്ട് | 200000 | 200000 |

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വർഷം മേൽ പറഞ്ഞ പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിലും നിലവിലെ ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. ഗ്രാമപഞ്ചായത്തിലെ വീടുകളിൽ നിന്നും മാസം 50 രൂപ നിരക്കിൽ യൂസർ ഫീയും, ചാക്കിന് 100 രൂപ എന്ന നിരക്കിലുമാണ് ഹരിതകർമ്മസേന പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിക്കുന്നത്. എന്നാൽ വാർഡുകളിൽ കളക്ഷൻ സെന്ററുകൾ ഇല്ലാത്തതിനാലും, പഞ്ചായത്ത് എം.സി.എഫ് കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് മാലിന്യങ്ങൾ തരംതിരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താത്തതിനാലും ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ഹരിത കർമ്മസേന വാർഡുകളിൽ നിന്നും കളക്ട് ചെയ്യുന്ന മാലിന്യങ്ങൾ കയറ്റി അയക്കുക എന്ന പ്രവർത്തനം മാത്രമാണ് മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നടക്കുന്നുള്ളൂ. അടിയന്തിരമായി എം.സി.എഫ് നിർമ്മാണം പൂർത്തിയാക്കി ഹരിതകർമ്മസേനയ്ക്ക് കൈമാറി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-20 എൻ ആർ ഇ ജി എസ്-അളവുപുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളുടെ നിർവ്വഹണത്തിന് തൻവർഷം 689.1189 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എൻ.ആർ.ഇ.ജി.എസ് പദ്ധതിക്കായി വിതരണം ചെയ്തതും ഉപയോഗപ്പെടുത്തിയതുമായ അളവുപുസ്തകങ്ങളുടെ പരിപാലനത്തിൽ അപാകത കാണുന്നു. ഓഫീസ് സ്റ്റോക്കിൽ നിന്നും വിതരണം ചെയ്ത അളവുപുസ്തകങ്ങൾക്ക് എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതും വിതരണം ചെയ്ത അളവുപുസ്തകങ്ങൾ ഏത് പ്രവൃത്തിക്ക് എന്ന് രേഖപ്പെടുത്താത്തതും അപാകതയാണ്. അളവു പുസ്തകങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്താത്തതിനാൽ എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ ലഭ്യമായ പുസ്തകങ്ങളുടെ വരവ്, ഉപയോഗം, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങളില്ല. പേര് രേഖപ്പെടുത്താത്തതിനാൽ അളവ് പുസ്തകങ്ങൾ ഏതൊക്കെ പ്രവൃത്തികൾക്കുൾക്കാണ് ഉപയോഗിച്ചത് എന്ന് വ്യക്തമല്ല. സെക്രട്ടറിയിൽ നിന്ന് എൻ.ആർ.ഇ.ജി.എസ് പദ്ധതി ആവശ്യങ്ങൾക്ക് അളവു പുസ്തകങ്ങൾ ലഭിക്കുമ്പോൾ സ്റ്റോക്കിലെടുക്കേണ്ടതും പ്രവൃത്തികളുടെ പേര് രേഖപ്പെടുത്തി ഇഷ്യു രജിസ്റ്റർ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21 തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചതിലെ അപാകതകൾ

തൻവർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 472998 രൂപ ചെലവഴിച്ചിട്ടുണ്ട്.

തെരുവ്വിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. വൈദ്യുതിബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന്

28.07.21, 22.04.21, 25.11.22 തിയ്യതികളിൽ ഗ്രാമപഞ്ചായത്ത് വൈദ്യുതി ബോർഡിന് കത്തെഴുതിയതായി കാണുന്നു. എന്നാൽ സംയുക്ത പരിശോധന നടത്തുകയോ രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് കാലികമാക്കുകയോ ചെയ്തിട്ടില്ല.

05.04.2022 ലെ തദ്ദേശ സ്വയംഭരണ (EWB) വകുപ്പ് സെക്രട്ടറി എൽ.എസ്.ജി.ഡി ഡയരക്ടർക്കയച്ച കത്തിൽ സംസ്ഥാനത്തെ തെരുവ് വിളക്കുകളുടെ മൂല്യനിർണയത്തിന് വേണ്ടി ഒരു സംയുക്ത സർവ്വെ 2022 ഏപ്രിൽ 6 മുതൽ 20 വരെ വൈദ്യുതിബോർഡ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ച് ഷെഡ്യൂൾ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ ഇനം ,തരം എന്നിവ സംബന്ധിച്ച് ഒരു സംയുക്ത പ്രസ്ഥാവന തയ്യാറാക്കി തദ്ദേശ സ്ഥാപനവവും വൈദ്യുതി ബോർഡ് അസിസ്റ്റന്റ് എഞ്ചിനീയറും ഒപ്പിടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-22 ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഭൂസ്വത്തുക്കളുടെ ആസ്തി സംരക്ഷണത്തിൽ താഴെപ്പറയുന്ന ഗുരുതര പിഴവുകളുള്ളതായി കാണുന്നു.

ഭൂസ്വത്തുക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മയ്യഴിപ്പുഴയുടെ തീരങ്ങൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്താണെങ്കിലും, പുഴ പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും,നദികളുടെ തടങ്ങളും തീരങ്ങളും , തടാകങ്ങളും ചെറുകായലുകളും, നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാ ജലവും നീരുറവകളും പുഴ പുറമ്പോക്കുകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു.

ഓഫീസിലെ മേൽനോട്ട സംവിധാനത്തിലെ പിഴവാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം. ഇത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂസ്വത്തുക്കൾ അന്യാധീനപ്പെടാൻ ഇടയാക്കും. പുഴപുറമ്പോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കയ്യേറിയ ഭൂമിയുണ്ടെങ്കിൽ തിരിച്ച് പിടിക്കേണ്ടതുമാണ്. ഭൂസ്വത്ത് രജിസ്റ്റർ പൂർത്തിയാക്കി മുഴുവൻ ആധാരങ്ങളും നികുതി ഒടുക്കിയ രശീതുകളും സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി കണക്കാക്കിയതിൽ അപാകത – നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ ചുവടെ കൊടുത്ത കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയപ്പോൾ ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടമായിരുന്നിട്ടും വ്യത്യസ്ത നിരക്കിൽ നികുതി ഈടാക്കിയതിനാൽ നികുതി നഷ്ടം ഉണ്ടായി.

ശ്രീ.മുനീർ, വലിയ കുന്നമ്മൽ എന്നവരുടെ A2/4149/21 നമ്പർ കെട്ടിട നിർമ്മാണ കംപ്ലീഷൻ അപേക്ഷ പ്രകാരം 421.87M2 ഉള്ള വാണിജ്യ കെട്ടിടത്തിന് 14/49 A,B,C,D,E എന്നീ കെട്ടിട നമ്പറുകൾ നൽകി വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും 14/A,B,C (ആകെ 169.84M2 ന്)എന്നീ കെട്ടിടങ്ങൾക്ക് 100M2 ന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നിരക്കിലുള്ള (ച.മീറ്ററിന് 60/- രൂപ നിരക്കിൽ) വസ്തുനികുതിയാണ് ഈടാക്കിയത്. എന്നാൽ ബാക്കിയുള്ള 252.03m2 ന് 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നിരക്കിലുള്ള (ചതുരശ്ര മീറ്ററിന് 80/-രൂപ നിരക്കിൽ) നികുതിയുമാണ് കണക്കാക്കിയിരിക്കുന്നത്. അതായത് 169.84M2 ന് ച.മീറ്ററിന് 20/-രൂപ കുറവായാണ് ഈടാക്കിയിരിക്കുന്നത്. പ്രഥമ മേഖലയിൽപ്പെടുന്നതും 5 മീറ്ററിൽ അധികം വീതിയുള്ള വഴിയുള്ളതുമായ കെട്ടിടത്തിന് നികുതി കണക്കാക്കിയതിലെ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

| കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങൾ | കണക്കാക്കിയ നികുതി | യഥാർത്ഥത്തിൽ കണക്കാക്കേണ്ട നികുതി | നികുതി നഷ്ടം |
|---|---|---|---|
| 14/49 A,B,C,D,E<br>വിസ്തീർണ്ണം-169.84M2<br>പ്രഥമ മേഖല,<br>5മീറ്റർ റോഡ് | 169.84*60=10190.4/-<br>20% വർദ്ധന=2038.08/-<br>=12228.48/-<br>= 12229/-<br>LC=612/- | 169.84*80=13587.2/-<br>20% വർദ്ധന=2717.44/-<br>=16304.64/-<br>=16305/-<br>LC= 816/- | 4076+204(LC) |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കണക്കാക്കിയതിലെ അപാകത പരിഹരിക്കേണ്ടതും നഷ്ട തുക ഈടാക്കി അറിയിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 16.02.2023-17.02.2023 | ഈ റിപ്പോർട്ടിന്റെ |

| | | |
|---|---|---|
| | | അനുബന്ധമായി പുറപ്പെട്ടുവിച്ചു. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 382250 | ലൈഫ് ഭവന പദ്ധതി(എസ്.സി) | 382250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 534000 | ഭവന നിർമ്മാണം ലൈഫ് (എസ്.ടി) | 534000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 420000 | ഭവന നിർമ്മാണം ലൈഫ് (എസ്.ടി) | 420000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 150000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | 22101096 തീയതി 07.03.22 | 1125000 | 0 | 1125000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | 22101140 തീയതി 11.03.22 | 174640 | 0 | 174640 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം: | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം /ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| - ഇല്ല - | | | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി (KURDFC ലോൺ) | | | 4165334 | 381334 | | 3784000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 640109 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 49608 |
| ആകെ | 689717 |
| പലിശ | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 689717 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിരനിക്ഷേപം (ചെക്യാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്-എഫ്.ഡി റസീറ്റ് നം-8530) | 689717 |
| ഷെയർ | 0 |
| ആകെ | 689717 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം 567 രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ഉദ്യോഗപ്പേര് | രസീത് നം/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2000-01 | 7 | 291 | സി.കെ അബൂബക്കർ | 12101010593/ 25.03.2022 |
| 2001-02 | | 276 | പി.കെ ജനാർദ്ദനൻ | 121010105932/ 25.03.2022 |
| ആകെ | | 567 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 9 | 2001-02 | 11.11, 78 | ഉമ്മത്തൂർ ജലസേചന പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് 2006-08(11) ഖണ്ഡിക 130,131 പ്രകാരം സമയബന്ധിതമായി തീർപ്പാക്കുന്നതിനും ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്നതിനും ആവശ്യപ്പെട്ടു |
| 2000-01 | രേഖപ്പെടുത്തിയിട്ടില്ല | 2004-05 | 11.1.3.48.117 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു. |
| 2001-02 | രേഖപ്പെട്ട | 2003-04 | മറ്റ് പരാമർശം | വനിത | പരാമർശം |

| | | | | | |
|---|---|---|---|---|---|
| | ത്തിയിട്ടില്ല | | | കമ്പ്യൂട്ടർ പരിശീലനം | ഒഴിവാക്കി |
| 2001-02 | രേഖപ്പെടുത്തി യിട്ടില്ല | 2003-04 | 11.14.117 | മരാമത്ത് പ്രവൃത്തിക്ക് മുൻകൂർ നൽകി | റവന്യൂ റിക്കവറി നടപടികൾ അറിയിക്കുന്ന തിന് ആവശ്യപ്പെട്ടു |
| 2000-01 | 1-5 | 2004-05 | 11.1.2.9.116 | ബജറ്റ് അംഗീകരി ച്ചത് രേഖ പ്പെടുത്തി യില്ല | പരാമർശം തുടരുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4.187 | തൊഴിൽ നികുതി അപാകത കൾ | പരാമർശം തുടരുന്നു. |
| 2019-20 | 1-24 | 2020-21 | അനുബന്ധം-2.107, 352 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി പേയ് മെന്റ് | പരാമർശം തുടരുന്നു. |

4-9 ചാർജ്/സർചാർജ് ിവരങ്ങൾ

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74135202 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74742970 |
| വരവിനങ്ങളിലുള്ള നഷ്ടം | 4280 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 75139 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 4280 | - | സുനിൽകുമാർ പി.ടി , സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 75139 | ഡോ.അനിൽകുമാർ ,എഫ്.എച്ച്.സി,ചെക്യാട് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

204 ഗ്രന്ഥശാലാവരി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലം |
|---|---|---|
| സുനിൽകുമാർ പി.ടി , സെക്രട്ടറി | വിരമിച്ചു | പുതിയോട്ടിൽ തച്ചം കോട്ടുമ്മൽ മേരിക്കുന്ന് കോഴിക്കോട് 673012 |

| | | |
|---|---|---|
| ഡോ.അനിൽകുമാർ<br>മെഡിക്കൽ<br>ഓഫീസർ | എഫ്.എച്ച്.സി,<br>ചെക്യാട് | അച്ചൂസ്,<br>തിന്നൂർ,<br>കക്കട്ടിൽ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എസ്.2/1135/99<br>തീ.08/11/99 | 6 (31, 34, 35, 36, 37, 38) |
| 1998-99 | എൽ.എഫ്.എസ്.2/1377/01തീ.08/11/99 | 11,( 20, 34, 36, 40,<br>42, 43,44, 45,<br>46, 47(3),47(4), 48) |
| 1999-00 | എൽ.എഫ്.എസ്.2/1606/01തീ.07/06/99 | 3, (29, 33, 35) |
| 2000-01 | എൽ.എഫ്.എസ്.1/1102/03തീ.04/12/03 | 19, (7,8, 9(എ, ബി.)<br>10, (ഡി.സി.ബി.),<br>2, 3, 4, 5, 6, 7, 8, 9, 10,<br>11, 12) |
| 2001-02 | എൽ.എഫ്.പി.2/117/05തീ.06/08/05 | 3, (3-2, 3-3, 3-4) |
| 2002-03 | എൽ.എഫ്.എസ്.1/1017/06തീ.04/11/06 | 4, (3-3, 3-5, 3-6, 3-7) |
| 2003-04 | എൽ.എഫ്. കെ.കെ.ഡിഎസ്.1/708/07<br>തീ.05/10/07 | 8, (3-1, 3-2, 3-3,3-4, 3-5,<br>3-6, 3-7, 3-8) |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.പി.5/1338/09<br>തീ.05/10/09 | 11,( 3-1 മുതൽ 3-11<br>വരെ) |

| | | |
|---|---|---|
| 2005-06 | എൽ.എഫ്. കെ.കെ.ഡി.പി.5/1338/09 തീ.05/10/09 | 14, (3-1 മുതൽ 3-14 വരെ) |
| 2006-07 | എൽ.എഫ്. കെ.കെ.ഡി.പി.5/1339/09 തീ.05/10/09 | 17, (2-1 മുതൽ 2-7 വരെ 3-1 മുതൽ 3-10വരെ) |
| 2007-08 | എൽ.എഫ്. കെ.കെ.ഡി.എസ്.1/141/10 തീ.09/05/2010 | 19 (3-1, 3-2,3-3, 3-4, 3-5, 3-6,3-7,3-8, 3-9, 3-12,3-14, 3-15,3-17, 3-20,3-22,3-24,4-4, 4-7) 24 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡിപി7/28/2022 തി.20.04.2022 | 8 (2-3, 3-2,3-3,3-6, 3-8,3-9, 3-10,3-12,) |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി.11/1407/12 തീ.24/08/12 | 31 (1-1, 1-2,1-4,2-1, 2-2,2-3, 2-4,2-5, 2-6,2-7,2-8,3-1, 3-2,3-3, 3-4,3-5, 3-6,3-7(1), 3-9,3-10,3-11,3-12, 3-13,3-14, 3-15,3-16, 3-17,3-18, 3-19,) |
| 2010-11 2011-12 | എൽ.എഫ്. കെ.കെ.ഡി.പി.11/77/13 തീ.18/ 07/13 | 17 (2-2 മുതൽ2-3 വരെ 3-1 മുതൽ3-16 വരെ) |
| 2012-13 | എൽ.എഫ്. കെ.കെ.ഡി.പി.11/1447/ 16 തീ.07/01/16 | 10 (2-2, 3-1,3-2, 3-3,3-4, 3-7,3-9, 3-11, 4-3, 4-10 ബി) |
| 2013-14 2014-15 | എൽ.എഫ്. കെ.കെ.ഡി.പി.11/1276/16 തീ.20/07/16 | 13 (2-1, 2-2,3-2, 3-3,3-4, 3-6, 3-8,3-9,3-10,3-12,3-13, 3-14,3-16) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.11/2137/2016 തീ.17/12/16 | 20 (2-5, 2-7,3-1, 3-2, 3-3,3-4, 3-5, 3-6,3-7,3-8, 3-9,3-10, 3-11, 3-12,3-13,3-15, 3-17, 3-18, 3-20, 3-21) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.11/1565 /2017തീ.10/08/17 | 4 (2-1, 3-1, 3-2, 3-5) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.11/1959/ 2018 തി.05.10.2018 | 14 (2-1, 2-2, 2-3, 3-1, 3-2, 3-3,3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.10/366/2020 തി.18.11.2021 | 37(1-6,1-7(1),(4),(5), (11), 1-8(1),(2) 1-9(1),(2),(4),(5),(6), 1-11,1-12,1-13,1-14,1-15,1-16,1-17, 1-18,1-19,1-20,1-21,1-22,1-25,1-26, 1-27,1-28,1-29,1-30,1-31,1-34, 2-1,3-1,4-11) |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.7/1348/2021 തി-18.10.2021 | 22(1-2,1-10,1-10(1മുതൽ 6 വരെ), 1-11(1-3),1-15,1-16,1-17,1-20,1-21, 1-22,1-24(സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2020-21), 1-25,1-27,1-28,4-8) |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.7/972/2022 തി-27.05.2022 | 1-1 മുതൽ 1-23 വരെ |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്